**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .**6592** — 21-11-2019 -ൽ മറുപടിക്ക്

## അഗളി വില്ലേജിലെ ഉരുൾപൊട്ടലിൽ ഉണ്ടായ നാശനഷ്ടങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എൻ. ഷംസുദ്ദീൻ** | | **ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | മണ്ണാർക്കാട് താലൂക്കിലെ അഗളി വില്ലേജിലെ വിവിധ സ്ഥലങ്ങളിൽ ഉണ്ടായ ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും ഉണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ; | എ) & ബി) | ഉണ്ട്. 2018,2019 വർഷങ്ങളിൽ ഉരുൾപൊട്ടലും/ മണ്ണിടിച്ചിലും ഉണ്ടായ മണ്ണാർക്കാട് താലൂക്കിലെ അഗളി വില്ലേജിലെ പുലിയറ, പല്ലിയറ, കറുവമ്പാടി, ഇന്ദിരാകോളനി, നക്കുപതി ഒ.എൽ.എച്ച് കോളനി എന്നീ സ്ഥലങ്ങൾ ജിയോളജിസ്റ്റ് പരിശോധിക്കുകയും ജില്ലാകളക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വളരെ പെട്ടെന്ന് മാറ്റി പാർപ്പിക്കേണ്ട കുടുംബങ്ങളുടെ വിവരങ്ങൾ മുൻഗണനയുടെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ചെയ്യുന്നതിന് ജിയോളജിസ്റ്റിന് ജില്ലാകളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. 2019 ഒക്ടോബർ മാസത്തിൽ ഉണ്ടായ ശക്തമായ മഴയിൽ ഭൂമിയിൽ വിള്ളൽ ഉണ്ടായതിനെ തുടർന്ന് ഇന്ദിരാകോളനിയിലെ 22 കുടുംബങ്ങളെയും, മണ്ണിടിച്ചിൽ ഉണ്ടായതു മൂലം നക്കുപതി ഒ.എൽ എച്ച് കോളനിയിലെ 11 കുടുംബങ്ങളെയും ദുരിതാശ്വാസ ക്യാമ്പുകളിൽ മാറ്റി പാർപ്പിച്ചിരുന്നു. പ്രസ്തുത സ്ഥലങ്ങൾ ജിയോളജിസ്റ്റ് പരിശോധിക്കുകയും ഇന്ദിരാ കോളനിയിൽ തട്ടുകളായി തിരിച്ച് നിർമ്മിച്ചിട്ടുള്ള 8 വീടുകളിൽ തുടർന്ന് താമസിക്കുന്നത് അപകടമാണെന്നും, ടി പ്രദേശത്തെ മറ്റു കുടുംബങ്ങളെ ശക്തമായ മഴയുണ്ടാകുന്ന സാഹചര്യത്തിൽ മാറ്റി പാർപ്പിക്കണമെന്നും ഒ.എൽ.എച്ച് കോളനിയിൽ മണ്ണിടിച്ചിൽ ഉണ്ടായി മണ്ണ് ഇടിഞ്ഞു വീണ 19 വീടുകൾ വാസയോഗ്യമല്ലെന്നും, തുടർന്നും മണ്ണിടിച്ചിൽ ഉണ്ടാകാൻ സാധ്യതയുണ്ടെന്നും ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്ദിരാ കോളനിയിൽ ജിയോളജിസ്റ്റ് പരിശോധിച്ച് സമർപ്പിച്ച റിപ്പോർട്ട് അശാസ്ത്രീയമാണെന്നും മുകൾതട്ടിലെ വീടുകൾക്ക് നാശനഷ്ടം ഉണ്ടായാൽ അത് താഴത്തെ തട്ടിലെ വീടുകളെ കൂടി ബാധിക്കുമെന്ന് മണ്ണാർക്കാട് തഹസിൽദാർ റിപ്പോർട്ട് ചെയ്തത് പരിശോധിക്കുന്നതിന് ജിയോളജിസ്റ്റിന് ജില്ലാകളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) | ഇതുസംബന്ധിച്ച് പാലക്കാട് ജില്ലാ ജിയോളജിസ്റ്റ് പാലക്കാട് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ